സ്ഥിതിയിലാണ്. ആ വീടുകൾക്ക് കക്കൂസ് സൗകര്യങ്ങളും ഒന്നുമില്ല. അതുകൊണ്ട് എത്രയും വേഗം ആ വീടുകൾ മെയിൻറനൻസ് നടത്തുന്നതിനും കക്കൂസ് സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ബഹു. മാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. 52,383 വീടുകളാണ് ലക്ഷം വീട് പദ്ധതി പ്രകാരം തീർന്നിട്ടുള്ളത്. അതിൽ 31,583 വീടുകൾക്കും റിപ്പയേഴ്സ് ആവശ്യമാണെന്ന റിപ്പോർട്ടാണ് കിട്ടിയിരിക്കുന്നത്. റിപ്പയേഴ്സിനുവേണ്ടി ഒരു തുക കൊടുക്കുന്നുണ്ട്. ഈ വർഷവും 7 ലക്ഷം രൂപ അതിനുവേണ്ടി മാറി വച്ചിരുന്നു. ഫ്ളഡ് ഡാമേജിലും റിപ്പയേഴ്സിനുവേണ്ടി കുറെ തുക മാറി വച്ചിട്ടുണ്ട്. ഈ വീടുകളുടെയെല്ലാം പരിസരങ്ങൾ വളരെ വൃത്തിഹീനമായിട്ടാണ് കിടക്കുന്നത്. മുഴുവൻ വീടുകളോടനുബന്ധിച്ചും കക്കൂസുകൾ നിർമ്മിക്കണം എന്നുതന്നെയാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്: ഈ വർഷം തന്നെ അതിൽ കുറെ പരിപാടികൾ ഏറെടുത്തു നടപ്പാക്കുന്നതാണ്.

(5ഗ) പെരിഞ്ഞനം, കൂളിമുട്ടം തുടങ്ങിയ സ്ഥലങ്ങളിലെ കടലാക്രമണം

ശ്രീ. വി.കെ. രാജൻ: സർ, എല്ലാ വർഷവും ഉണ്ടാകുന്ന ഭീകരമായ കടലാക്രമണംമൂലം പെരിഞ്ഞനം, കൂളിമുട്ടം, വേക്കോട്, അഴിക്കോട്, എറിയാട് പ്രദേശങ്ങളിലെ കടലോര പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സൈരമായി ജീവിക്കാൻ സാധിക്കാത്ത അവസ്ഥയാണ് വന്നുചേർന്നിരിക്കുന്നത്. ഇതിനു പുറമേ ഫലഭൂയിഷ്ടമായ സ്ഥലവും തെങ്ങ് ഉൾപ്പെടെയുള്ള വൃക്ഷങ്ങളും വീടുകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ആ ഭാഗത്ത് ജനങ്ങൾ ഭയവിഹ്വലരായി കഴിയുന്നു. അടിയന്തിരമായി അവിടെ കടൽഭിത്തി കെട്ടണം.

എറിയാട്, എടവലങ്ങ്, ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം പഞ്ചായത്തുകളിലെ കൃഷിക്കാരുടെ ചിരകാലസ്വപ്നമായ വലിയ തോട് പദ്ധതിയുടെ പണി ഉടനടി ആരംഭിക്കണം. മാള-കൊടുങ്ങല്ലൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന നാരായണമംഗലം നെടുങ്ങാരത്തുകുന്നു പുഴയിലെ പാലത്തിൻറെ പണി ആരംഭിക്കുന്നതിനും ഉടനടി നടപടികൾ സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, നിരവധി പൊതുപ്രവർത്തനങ്ങളുടെ ഒരു പട്ടികയാണ് വായിച്ചത്. കടലാക്രമണത്തെ സംബന്ധിച്ചിടത്തോളം പെരിഞ്ഞനം, കൂളിമുട്ടം, വേക്കോട് എന്നീ സ്ഥലങ്ങളിൽ അടിയന്തിരമായി താൽക്കാലിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് anti sea erotion-നെ സംബന്ധിച്ചിടത്തോളം അതിനൊക്കെ അംഗീകാരവും നൽകിക്കഴിഞ്ഞിട്ടുണ്ട്. പെരിഞ്ഞനം, കൂളിമുട്ടം എന്നിവിടങ്ങളിൽ ഒരു കിലോമീറ്ററോളം നീളത്തിൽ കടൽഭിത്തി കെട്ടുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്ഷൻ കൊടുത്തുകഴിഞ്ഞു. ബഹുമാനപ്പെട്ട രാജൻ പറഞ്ഞ എല്ലാ കാര്യങ്ങളും ഗവൺമെൻറ് അവഗാഢമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സത്വരമായിഎടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly